**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **30-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗ്രീൻഫീൽഡ് പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂരിൽ ആരംഭിക്കാൻ പോകുന്ന ഗ്രീൻഫീൽഡ് പോർട്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (Geotechnical investigation by drilling up to 60 metres under the sea-bed) പൂർത്തിയാക്കുകയും അന്തിമ റിപ്പോർട്ട് (എൻ.ഐ.ടി കോഴിക്കോടിന്റെയും ജി.ഇ.സി തൃശ്ശൂരിന്റെയും പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം) ജനുവരി 2022 ൽ സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക ഉപദേഷ്ടാവായ (Technical Consultant) M/s Howe Engineering Projects (India) Pvt Ltd. സമർപ്പിച്ച ഡ്രാഫ്റ്റ് ഡിസൈൻ റിപ്പോർട്ട് ഐ.ഐ.ടി മദ്രാസ് പരിശോധിക്കുകയും അവരുടെ ശുപാർശകളടങ്ങിയ റിപ്പോർട്ട് ജൂൺ 2022-ൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അന്തിമ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക ഉപദേഷ്ടാവ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതിക ഉപദേഷ്ടാവായ M/s Howe തയ്യാറാക്കി വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അന്തിമ ഘട്ടത്തിലാണ്. 2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority (SEIAA) പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. ഇതിനു ശേഷം, ശേഖരിച്ച സാമ്പിളുകളുടെ പരിശോധനയും റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിച്ചു വരികയാണ്.<br><br>തുറമുഖത്തെ എൻ.എച്ച്–66 കണ്ണൂർ ബൈപാസുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ അലൈൻമെന്റ് MIPS Ltd. തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതി അനുസരിച്ച് NH-66 പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് പൂർണ്ണമായും NHAI നിർമ്മിച്ചു തരാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. NHAI-യുടെ നോട്ടിഫിക്കേഷൻ താമസിയാതെ പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി - ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലകളുടെ (Special Economic Zones) ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഉപദേഷ്ടാവ് ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് (TCE) 2022 മാർച്ചിൽ ഹിന്റർലാൻഡ് ബിസിനസ് പൊട്ടൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചു.<br><br>146.61 ഏക്കർ സ്ഥലം മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ്സ് ലിമിറ്റഡ് കമ്പനിക്ക് പതിച്ചു നൽകുന്നതിന് കണ്ണൂർ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (Geotechnical Investigation) കടലിനടിയിലും അതിനു താഴെയും വളരെ മൃദുവായ കളിമണ്ണിന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു. ഇത് കാരണം പരമ്പരാഗത രീതിയിലുള്ള ഘടനകളുടെ രൂപകൽപ്പനയും (design) നിർമ്മാണത്തിനും ബുദ്ധിമുട്ടാണ്, പ്രത്യേകിച്ച് മൊത്തം 3.5 കിലോമീറ്റർ നീളമുള്ള പുലിമുട്ട് നിർമ്മാണത്തിന്. പരമ്പരാഗത രീതിയിലുള്ള പുലിമുട്ട് നിർമാണം സാധ്യമല്ലാത്തതുകൊണ്ട് പുലിമുട്ട് നിർമാണത്തിന് മുന്നോടിയായി കടലിന്റെ അടിത്തട്ട് മെച്ചപ്പെടുത്തേണ്ടതായി (ground improvement for foundations) വരും. ഈ മെച്ചപ്പെടുത്തൽ (ground improvement) പ്രക്രിയ സമയമെടുക്കുന്നതും ഗണ്യമായി ചെലവേറിയതുമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ? | (സി) | പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാവായ (Technical Consultant) M/s Howe Engineering Projects (India) Pvt Ltd. തയ്യാറാക്കിവരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) അവസാന ഘട്ടത്തിലേക്ക് പുരോഗമിക്കുക യാണ്. ഡി.പി.ആർ അംഗീകരിച്ചതിനു ശേഷം ഏതു തരത്തിലുള്ള ധന സമാഹരണം (as a PPP or on the CIAL model etc.) വേണമെന്നതിനുള്ള തീരുമാനം എടുത്തതിനു ശേഷം മാത്രമേ പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശങ്ങൾ അന്തിമമാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ